18308
19/8/17

**കേരള സർക്കാർ**
**സംഗ്രഹം**

പാർലമെന്ററികാര്യ വകുപ്പ് - 18.08.2017-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് - മന്ത്രിസഭാ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പാർലമെന്ററികാര്യ (ബി) വകുപ്പ്**

സ.ഉ.(സാ.ധാ) നം. 47/2017/പാ.കാ.വ      തീയതി, തിരുവനന്തപുരം, 17.08.2017

---

പരാമർശം : 1 )14.08.2017 -ലെ നിയമസഭാസെക്രട്ടറിയുടെ 3888/പി.എം.ബി.ആർ1/2017/നി.സെ.കത്ത്.

2).16.08.2017-ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

**18.08.2017**-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗികപ്രമേയങ്ങൾ അനുകൂലിക്കേണ്ടതില്ലെന്ന് പരാമർശം 2 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ താഴെ പറയും പ്രകാരം മന്ത്രിമാർ നിയമസഭയിൽ നിലപാട് സ്വീകരിക്കേണ്ടതാണ്:-

**ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ**

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് | സ്വീകരിക്കേണ്ട നിലപാട് |
|---|---|---|---|---|
| 1 | ശ്രീ. കെ.എസ്. ശബരീനാഥൻ. (19.05.2017-ൽ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | "ഐ.ടി. അധിഷ്ഠിത തൊഴിൽ മേഖലയിൽ പുതുതായി ഉണ്ടായിട്ടുള്ള ആഗോള മാറ്റങ്ങളും, സേവന നിയമങ്ങളും സൃഷ്ടിച്ചിരിക്കുന്ന തൊഴിൽ അസ്ഥിരതയും, തൊഴിൽ സാധ്യതാ കുറവും, ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാത്തതു കൊണ്ടും ഇവിടെ പണിയെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾ കനത്ത പ്രതിസന്ധി നേരിടുകയാണ്. ഐ.ടി മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്ക വളരെ വലുതാണ്. ഈ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും യുവജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ഈ സഭ | ബഹു. മുഖ്യമന്ത്രി | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| . | " | ആവശ്യപ്പെടുന്നു." | | |
| 2 | ശ്രീ. മുരളി പെരുനെല്ലി | " രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്ക് അനിവാര്യമായതിനാൽ പ്രാരംഭ ഘട്ടം മുതൽ തന്നെ പൊതുമേഖലയിൽ നിലനിർത്തിയ ഇൻഡ്യൻ റെയിൽവേ കേന്ദ്ര സർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി ഘട്ടം ഘട്ടമായ സ്വകാര്യവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ കാര്യം എടുത്താൽ 2008-ൽ പ്രഖ്യാപിച്ച പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി അതോടൊപ്പം പ്രഖ്യാപിച്ച റായ്ബറേലിയിലെ കോച്ച് ഫാക്ടറി പ്രവർത്തനം ആരംഭിച്ചിട്ടും തറക്കല്ലിൽ ഒതുങ്ങി നിൽക്കുന്നു. പാതയിരട്ടിപ്പിക്കലും വൈദ്യുതീകരണവും നിശ്ചലമെന്നു പറയാവുന്ന രീതിയിൽ ഇഴഞ്ഞു നീങ്ങുന്നു. പാലക്കാട് ഡിവിഷനെ വെട്ടിമുറിച്ചതു കൂടാതെ തിരുവനന്തപുരം ഡിവിഷനെയും വെട്ടിമുറിക്കാൻ നീക്കം നടത്തുന്നു. സർക്കാർ മുതൽമുടക്കിൽ നിന്ന് പിൻമാറിയശേഷം പൊതു മുതൽ സ്വകാര്യ മുതലാളിമാർക്കു ലഭ്യമാക്കാനായി വികസനത്തിനെന്ന വ്യാജേന റെയിൽവേ സ്റ്റേഷനുകളെ സ്വകാര്യവൽക്കരിക്കാൻ തീരുമാനം എടുത്തിരിക്കുന്നത് രാജ്യതാല്പര്യത്തിന് ഗുണകരമല്ല. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷനുകളായ കോഴിക്കോട് റെയിൽവേ സ്റ്റേഷനും എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനും സ്വകാര്യവൽകരിക്കാൻ എടുത്ത തീരുമാനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്നും സംസ്ഥാനത്തിന്റെ പൊതു വികസനം സാധ്യമാക്കുന്നതിനായി എറണാകുളം ആസ്ഥാനമായി റെയിൽവേ സോൺ ആരംഭിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു." | ഗതാഗതം | അനുകൂലിക്കേണ്ടതില്ല |
| 3) | ശ്രീ. അൻവർ സാദത്ത് | "സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള പ്രത്യേകിച്ച് ആ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും, പീഡനങ്ങളും സംസ്ഥാനത്ത് വർദ്ധിച്ച് വരികയാണ്. പോലീസ് സ്റ്റേഷനുകളിൽ പോലും ഈ വിഭാഗങ്ങൾക്ക് നീതി ലഭിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിന് | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| | | ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾക്കെതിരെ അതിക്രമങ്ങളുണ്ടാവുകയും, ദേശീയ പട്ടികജാതി കമ്മീഷൻ ഇതിൽ ഗൗരവമായി ഇടപെടുകയും ചെയ്തിട്ടുണ്ട്. അതിക്രമങ്ങൾ തടയുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ഗൗരവമായ നടപടികൾ ഒന്നും ഉണ്ടാകുന്നില്ല എന്നതിൽ ഈ സഭ അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുകയും അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ മുഖം നോക്കാതെ സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. " | | |
| (4) | ശ്രീമതി. ഇ.എസ്. ബിജിമോൾ | " അന്തരീക്ഷ ഊഷ്മാവ് 2 °C മുതൽ 6°C വരെ പല സ്ഥലങ്ങളിലും വ്യതിയാനം സംഭവിച്ചിട്ടുണ്ട്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ പോലും നമുക്ക് ജീവിക്കുവാൻ കഴിയാത്തവിധം അന്തരീക്ഷ ഊഷ്മാവിൽ വലിയ വ്യതിയാനം ഉണ്ടായിരിക്കുന്നു. ഓരോവർഷവും പുതിയ കാർഷിക കലണ്ടറിന് രൂപം കൊടുക്കേണ്ട സാഹചര്യവും ഉണ്ടായിരിക്കുന്നു. നമ്മുടെ ജൈവവൈവിധ്യം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ഇന്നു നാം അനുഭവിക്കുന്നതൊക്കെയും കഴിഞ്ഞ തലമുറ നമുക്ക് വേണ്ടി കരുതി വെച്ചിരുന്നതാണ്. വരും തലമുറകൾക്കും പ്രകൃതിയുടെ അമൂല്യ ശേഖരം കൈമാറേണ്ടതുണ്ട്. ഓരോ വികസനവും ഉണ്ടാകുമ്പോൾ നമുക്ക് നഷ്ടമാകുന്നത് എന്ത് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. വായു, ജലം, മണ്ണ് ഇതിന്റെ പ്രാധാന്യവും മൂല്യവും പുതുതലമുറയെ പഠിപ്പിക്കേണ്ടതുണ്ട്. പാഠ്യതലങ്ങൾക്കപ്പുറം പ്രായോഗിക തലങ്ങളിൽ പുതുതലമുറയെ അത് ബോധ്യപ്പെടുത്താൻ ഉതകുന്ന പ്രായോഗിക നടപടികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു. | ബഹു. മുഖ്യമന്ത്രി | അനുകൂലിക്കേണ്ടതില്ല |

2. പ്രമേയം സംബന്ധിച്ച ഫയൽ ബന്ധപ്പെട്ട മന്ത്രിമാർക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ടി.ഒ. സൂരജ്**
സെക്രട്ടറി

**ബന്ധപ്പെട്ട വകുപ്പുകൾക്ക്**
(ഈ വകുപ്പിന്റെ 14/08/2017-ലെ **പി.എ.ഡി-ബി1/79/2017-പി.എ.ഡി** നം. കത്ത് പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ്

**പകർപ്പ്** :-ബന്ധപ്പെട്ട വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബന്ധപ്പെട്ട വകുപ്പ സെക്രട്ടറിമാർക്ക്
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പാർലമെന്ററികാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ
പാർലമെന്ററികാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 16-08-2017

ഫയൽ നം.പിഎഡി.-ബി1/79/2017-പിഎഡി. ഇനം നം: 1360

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - 18.08.2017-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത്.

തീരുമാനം : അനൗദ്യോഗിക പ്രമേയങ്ങൾ അനുകൂലിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സെക്രട്ടറി, പാർലമെന്ററി കാര്യ വകുപ്പ്

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **പി.എ.ഡി-ബി1/79/2017-പി.എ.ഡി** |
| 2 | വകുപ്പ് | : | പാർലമെന്ററികാര്യ (ബി) വകുപ്പ് |
| 3 | വിഷയം | : | 18.08.2017 -ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിൽന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : | 15/08/2017 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. ബി. ആർ. യമുന |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | : | ശ്രീ.ടി. ഒ. സൂരജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 14/08/2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 14/08/2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : | ശ്രീ.എ.കെ.ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : | 15/08/2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 16/08/2017 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : | 17/08/2017 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും; | : | സ.ഉ(സാധാ) നം47/2017/പാ.കാ.വ. തീയതി17/08/2017 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

18.08.2017-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 14-ാം കേരള നിയമസഭയുടെ 7-ാം സമ്മേളനത്തിൽ 18.08.2017 വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് |
|---|---|---|---|
| 1 | ശ്രീ. കെ.എസ്. ശബരീനാഥൻ. (19.05.2017-ൽ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | "ഐ.ടി. അധിഷ്ഠിത തൊഴിൽ മേഖലയിൽ പുതുതായി ഉണ്ടായിട്ടുള്ള ആഗോള മാറ്റങ്ങളും, സേവന നിയമങ്ങളും സൃഷ്ടിച്ചിരിക്കുന്ന തൊഴിൽ അസ്ഥിരതയും, തൊഴിൽ സാധ്യതാ കുറവും, ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാത്തതു കൊണ്ടും ഇവിടെ പണിയെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾ കനത്ത പ്രതിസന്ധി നേരിടുകയാണ്. ഐ.ടി മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്ക വളരെ വലുതാണ്. ഈ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും യുവജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു." | ബഹു. മുഖ്യമന്ത്രി |
| 2 | ശ്രീ. മുരളി പെരുനെല്ലി | " രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്ക് അനിവാര്യമായതിനാൽ പ്രാരംഭ ഘട്ടം മുതൽ തന്നെ പൊതുമേഖലയിൽ നിലനിർത്തിയ ഇൻഡ്യൻ റെയിൽവേ കേന്ദ്ര സർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി ഘട്ടം ഘട്ടമായ സ്വകാര്യവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ കാര്യം എടുത്താൽ 2008-ൽ പ്രഖ്യാപിച്ച പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി അതോടൊപ്പം പ്രഖ്യാപിച്ച റായ്ബറേലിയിലെ കോച്ച് ഫാക്ടറി പ്രവർത്തനം ആരംഭിച്ചിട്ടും തറക്കല്ലിൽ ഒതുങ്ങി നിൽക്കുന്നു. പാതയിരട്ടിപ്പിക്കലും വൈദ്യുതീകരണവും നിശ്ചലമെന്നുപറയാവുന്ന രീതിയിൽ ഇഴഞ്ഞു നീങ്ങുന്നു. പാലക്കാട് ഡിവിഷനെ വെട്ടിമുറിച്ചതു കൂടാതെ തിരുവനന്തപുരം ഡിവിഷനെയും | ഗതാഗതം |

| | | | |
|---|---|---|---|
| | | വെട്ടിമുറിക്കാൻ നീക്കം നടത്തുന്നു. സർക്കാർ മുതൽമുടക്കിൽ നിന്ന് പിൻമാറിയശേഷം പൊതു മുതൽ സ്വകാര്യ മുതലാളിമാർക്കു ലഭ്യമാക്കാനായി വികസനത്തിനെന്ന വ്യാജേന റെയിൽവേ സ്റ്റേഷനുകളെ സ്വകാര്യവൽക്കരിക്കാൻ തീരുമാനം എടുത്തിരിക്കുന്നത് . രാജ്യതാല്പര്യത്തിന് ഗുണകരമല്ല. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷനുകളായ കോഴിക്കോട് റെയിൽവേ സ്റ്റേഷനും എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനും സ്വകാര്യവൽകരിക്കാൻ എടുത്ത തീരുമാനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്നും സംസ്ഥാനത്തിന്റെ പൊതു വികസനം സാധ്യമാക്കുന്നതിനായി എറണാകുളം ആസ്ഥാനമായി റെയിൽവേ സോൺ ആരംഭിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു." | |
| 3) | ശ്രീ. അൻവർ സാദത്ത് | "സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള പ്രത്യേകിച്ച് ആ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും, പീഡനങ്ങളും സംസ്ഥാനത്ത് വർദ്ധിച്ച് വരികയാണ്. പോലീസ് സ്റ്റേഷനുകളിൽ പോലും ഈ വിഭാഗങ്ങൾക്ക് നീതി ലഭിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾക്കെതിരെ അതിക്രമങ്ങളുണ്ടാവുകയും, ദേശിയ പട്ടികജാതി കമ്മീഷൻ ഇതിൽ ഗൗരവമായി ഇടപെടുകയും ചെയ്തിട്ടുണ്ട്. അതിക്രമങ്ങൾ തടയുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ഗൗരവമായ നടപടികൾ ഒന്നും ഉണ്ടാകുന്നില്ല എന്നതിൽ ഈ സഭ അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുകയും അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ മുഖം നോക്കാതെ സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. " | പട്ടികജാതി/ പട്ടികവർഗ്ഗ വികസനം |
| (4) | ശ്രീമതി. ഇ.എസ്. ബിജിമോൾ | " അന്തരീക്ഷ ഊഷ്മാവ് 2 °C മുതൽ 6°C വരെ പല സ്ഥലങ്ങളിലും വ്യതിയാനം സംഭവിച്ചിട്ടുണ്ട്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ പോലും നമുക്ക് ജീവിക്കുവാൻ കഴിയാത്തവിധം അന്തരീക്ഷ ഊഷ്മാവിൽ വലിയ വ്യതിയാനം ഉണ്ടായിരിക്കുന്നു. ഓരോവർഷവും പുതിയ കാർഷിക കലണ്ടറിന് രൂപം കൊടുക്കേണ്ട സാഹചര്യവും ഉണ്ടായിരിക്കുന്നു. | ബഹു. മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| | | നമ്മുടെ ജൈവവൈവിധ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇന്നു നാം അനുഭവിക്കുന്നതൊക്കെയും കഴിഞ്ഞ തലമുറ നമുക്ക് വേണ്ടി കരുതിവെച്ചിരുന്നതാണ്. വരും തലമുറകൾക്കും പ്രകൃതിയുടെ അമൂല്യ ശേഖരം കൈമാറേണ്ടതുണ്ട്. ഓരോ വികസനവും ഉണ്ടാകുമ്പോൾ നമുക്ക് നഷ്ടമാകുന്നത് എന്ത് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. വായു, ജലം, മണ്ണ് ഇതിന്റെ പ്രാധാന്യവും മൂല്യവും പുതുതലമുറയെ പഠിപ്പിക്കേണ്ടതുണ്ട്. പാഠ്യതലങ്ങൾക്കപ്പുറം പ്രായോഗികതലങ്ങളിൽ പുതുതലമുറയെ അത് ബോധ്യപ്പെടുത്താൻ ഉതകുന്ന പ്രായോഗിക നടപടികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു. | |

3) പ്രസ്തുത പ്രമേയങ്ങൾ 18.08.2017-ന് നിയമസഭയിൽ ചർച്ചയ്ക്കായി വരുമ്പോൾ സർക്കാർ സ്വീകരിക്കേണ്ട നിലപാട് മുൻകൂർ തീരുമാനിക്കേണ്ടതുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

18.08.2017-ൽ നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന 1, 2, 3 & 4 എന്നീ അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ സർക്കാർ എന്തു നിലപാട് സ്വീകരിക്കണം?